ശമ്പളക്കമ്മീഷൻ ശുപാർശകൾ

*13 [13] ശ്രീ. വി.സി. കബീർ:
,, കെ. കൃഷ്ണൻകുട്ടി:
,, എ. വി. താമരാക്ഷൻ:
,, കെ. കെ. ബാലകൃഷ്ണൻ:
,, പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിശ്ചയിച്ച ശമ്പളക്കമ്മീഷന്റെ ശുപാർശകൾ എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഈ ശമ്പളക്കമ്മീഷന്റെ എല്ലാ ശുപാർശകളും അതേപടി സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ ശമ്പളക്കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിവിധ സംഘടനകൾ പണിമുടക്കു നോട്ടീസ് എന്നാണ് ഗവൺമെന്റിന് നൽകിയത്;

(ഡി) ഈ പണിമുടക്കുമൂലം ഡൈസ്നോൺ പ്രഖ്യാപിച്ചതിന്റെ ഫലമായി സർക്കാരിന് എത്ര കോടി രൂപയുടെ നേട്ടമുണ്ടായി എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ശമ്പളപരിഷ്കരണ ശുപാർശകൾ എന്തെല്ലാം നടപ്പിലാക്കി; എന്തെല്ലാം ഭേദഗതികളോടെ നടപ്പിലാക്കി; എന്തെല്ലാം നടപ്പിലാക്കാനുണ്ട്;

(എഫ്) ശമ്പളപരിഷ്കരണം നടപ്പിലാക്കിയതിന് 1985-86 വർഷത്തിൽ എത്ര തുക കൂടുതൽ വേണ്ടിവന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ശമ്പളം പരിഷ്കരിക്കുന്നതിനുള്ള അടിസ്ഥാന തീയതി 1-7-1983 ആയിരിക്കും. അന്നുമുതൽ 'വെയിറേജ്', 'ഫിറ്റ്മെന്റ്', 'ഇൻക്രിമെന്റ്' എന്നീ ആനുകൂല്യങ്ങൾ കണക്കാക്കി വർദ്ധിപ്പിച്ച ശമ്പളം 1985 ഏപ്രിൽ ഒന്നുമുതൽ ജീവനക്കാർക്ക് ലഭിക്കുന്നതാണ്. യാത്രാബത്ത, ഫിറ്റ് ആലവൻസുകൾ എന്നിവയെസംബന്ധിച്ച ശുപാർശകൾ 1985 സെപ്തംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ അടുത്ത കാലത്ത് പെൻഷൻകാർക്ക് അനുവദിച്ച ആനുകൂല്യങ്ങളും, ഉദാരമാക്കിയ പെൻഷൻ വ്യവസ്ഥകളും മുൻകാല പ്രാബല്യം നൽകുന്നതിനെക്കുറിച്ചുള്ള കോടതി വിധികളും കൂടെ കണക്കിലെടുത്ത്, ധനകാര്യവകുപ്പ്, കമ്മീഷന്റെ പെൻഷൻ സംബന്ധിച്ച ശുപാർശകൾ വിശദമായി പഠനം നടത്തി സമഗ്രമായ ഒരു പുതിയ പെൻഷൻപദ്ധതിക്ക് രൂപം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി ഈ വർഷാവസാനത്തിനു മുമ്പ് പ്രഖ്യാപിക്കുന്നതാണ്. വീട്ടുവാടക അലവൻസിനെ സംബന്ധിച്ച ശുപാർശ ഒരു ചെറിയ ഭേദഗതിയോടെ, 1985 സെപ്തമ്പർ ഒന്നുമുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം അംഗീകരിച്ചു. കോർപ്പറേഷനുകളുടേയും, മുനിസിപ്പാലിറ്റികളുടേയും സമീപത്തു സ്ഥിതിചെയ്യുന്ന ചില പ്രത്യേക സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ ജീവനക്കാർക്കുകൂടി കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും ബാധകമായ നിരക്ക് നൽകണമെന്നുള്ള കമ്മീഷന്റെ ശുപാർശ സ്വീകരിച്ചിട്ടില്ല.

(സി) 23-7-1985-ലും അതിനുശേഷവും.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ) എ. ബി എന്നീ വിഭാഗം ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്.

(എഫ്) മേൽവിവരിച്ച രീതിയിൽ ശമ്പള പരിഷ്ക്കാരം നടപ്പാക്കുന്നതിന് 1985-86-ൽ ഉദ്ദേശം 50 കോടി രൂപ വേണ്ടിവരും. ഇടക്കാലാശ്വാസത്തിന്റെ തുക ഒഴിവാക്കിയാൽ അധികച്ചെലവ് 30 കോടി രൂപ ആയ് തീരും. പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരിക്കുവാനുള്ള തുക ഇതിനു പുറമെ വേണ്ടിവരും. ശമ്പളവും അലവൻസുകളും പരിഷ്ക്കരിക്കുന്നതിന്റെ വാർഷിക ആവർത്തനച്ചെലവ് ഉദ്ദേശം 80 കോടി രൂപയാണ്.

അഗതിപെൻഷൻ

*14 [14] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. പി. പ്രഭാകരൻ:
,, എം. കെ. കേശവൻ:
,, കെ. ടി. കുമരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പുതുതായി പേർക്കാണ് അഗതിപെൻഷൻ കൊടുക്കുന്നത്;

(ബി) 1985 ജൂലായ് 31 വരെ അഗതി പെൻഷൻ വകയിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്ര;

(സി) ഈ കുടിശ്ശിക എന്നു കൊടുത്തുതീർക്കാമെന്നു വ്യക്തമാക്കുമോ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം):

(എ) ഈ വർഷം മാർച്ചുമാസത്തെ കണക്കനുസരിച്ച് 1,52,539 പേർക്ക് അഗതിപെൻഷൻ കൊടുത്തുവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കുടിശ്ശികയുണ്ടെങ്കിൽ അതുടൻ വിതരണം ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്.

സോഷ്യൽ ഫോറസ്ട്രി പദ്ധതിയനുസരിച്ച് വളർത്തിപിടിപ്പിക്കുന്ന മരങ്ങൾ

*15 [15] ശ്രീ. കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കണ്ണൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly